മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ  ഓഡിറ്റ് സൊസൈറ്റി കേരള

വയനാട് ജില്ല

എടവക ഗ്രാമ പഞ്ചായത്ത്

വാർഡ് 9 ചെറുവയൽ

സോഷ്യൽഓഡിറ്റ്  റിപ്പോർട്ട്

1/10/2018 TO 31/03/2019

തയ്യാറാക്കിയത്

സോഷ്യല് ഓഡിറ്റ് ടീം

മാനന്തവാടി ബ്ലോക്ക്

ആമുഖം

ഇന്ത്യയിലെ സാധാരണക്കാരായ ആളുകളുടെ തൊഴിൽചെയ്യാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെന്റ് അംഗീകരിച്ച് പ്രസിഡണ്ട് ഒപ്പ് വെച്ച 2005 സെപ്റ്റംബർ മാസം –5 ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. ഈ പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽതാമസിക്കുന്ന ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി ആവിഷ്ക്കരിച്ച ക്രമേണ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയായി അറിയപ്പെടുന്നത്.ഈ പദ്ധതിയിൽ ഉൾപ്പെട്ട ഓരോ കുടുംബത്തിലെയും 18 വയസ്സ് കഴിഞ്ഞ അവിദഗ്ദ കായിക തൊഴിൽ ചെയ്യാൻ താല്പര്യമുള്ള ഏതൊരു വ്യക്തിക്കും തൊഴിൽ ചെയ്യാൻ സാധിക്കും. വിദഗ്ദ തൊഴിൽ ചെയ്യാൻ കഴിവില്ലാത്ത ഗ്രാമീണ ജനതക്ക് 100 ദിവസത്തെ അവിദഗ്ദ തൊഴിൽ നൽകി കൊണ്ട് അവരുടെ ദാരിദ്ര്യ നിർമാർജനവും അതോടൊപ്പം തന്നെ പ്രദേശത്തെ ആസ്തി വികസനവും പദ്ധതി ലക്ഷ്യമിടുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാകണം എന്ന് നിയമത്തിലെ 17(2) വകുപ്പ് പ്രകാരം നിഷ്കർശിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളെ കുറിച്ചും പൊതു ധനം ചെലവഴിക്കുന്നതിനെ കുറിച്ചും പൗര സമൂഹം നടത്തുന്ന പരസ്യവും സുതാര്യവുമായ പരിശോധനയാണ് സോഷ്യൽഓഡിറ്റ്.

തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ രണ്ടു തവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾഎല്ലാ വാർഡുകളിലും കൃത്യമായി നടത്തേണ്ടതാണ്. സോഷ്യൽഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നു. പദ്ധതി തുക ശരിയായ രീതിയിൽചെലഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചെലവഴിച്ചതിനാൽപദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രക്രിയയിലൂടെ കണ്ടെത്താൻ കഴിയുന്നു.

മുഖ്യ ലക്ഷ്യങ്ങൾ

- അവിദഗ്ദ കായിക തൊഴിലിൽഏർപ്പെടാൻസന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽഅധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാതെ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേൻമയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പ്പാദന ക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.
- ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തി പ്പെടുത്തുക
- സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽഉൾപ്പെടുത്തുക.
- പഞ്ചായത്തീ രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

സവിശേഷതകൾ

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.

- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽഅംഗമാകാം.
- സ്ത്രീക്കും പുരുഷനും തുല്ല്യ വേതനം
- പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന.
- തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു.
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതു ജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.
- ബാങ്ക് ,പോസ്റ്റ് ഓഫീസ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിങ് സംവിധാനം.
- ഗ്രാമ സഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

തൊഴിലാളികളുടെ അവകാശങ്ങൾ

1. തൊഴിൽ കാർഡിനുള്ള അവകാശം
2. ആവശ്യപ്പെടുന്ന സമയത്ത് തൊഴിൽലഭിക്കാനുള്ള അവകാശം 100 .ദിവസത്തിൽ കുറയാതെ തൊഴിൽലഭിക്കാനുള്ള അവകാശം.തൊഴിൽആവശ്യപ്പെട്ട് 15ദിവസത്തിനുള്ളിൽലഭിക്കാനുള്ള അവകാശം.15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ല എങ്കിൽതൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം.
3. 15ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ %0.05നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം.
4. ഏറ്റെടുക്കുന്ന പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനും ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കുന്നതിനുള്ള അവകാശം
5. താമസ സ്ഥലത്തിന്റെ 5 കിലോ മീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭ്യമാക്കാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.
6. പണി സ്ഥലത്ത് കുടിവെള്ളം ,തണൽ,പ്രഥമശുശ്രൂഷ എന്നിവയ്ക്കുള്ള അവകാശം.പണി സ്ഥലത്തുണ്ടാകുന്ന അപകടങ്ങൾക്ക് സൗജന്യ ചികിത്സ സൗകര്യം,ആശുപത്രിയിൽ ചികിസ വേണ്ടി വരുമ്പോൾ പകുതി വേതനം)പ്രവൃത്തി ചെയ്തു കൊണ്ടിരിക്കുന്ന മസ്റ്റർ റോൾ തീരുന്നത് വരെ മാത്രം ( അപകട മരണങ്ങൾക്ക് എക്സ്ഗ്രേഷ്യ 25000രൂപ.
7. തൊഴിൽ ചെയ്ത് കഴിഞ്ഞാൽ 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം
8. വേതന വിതരണത്തിലെ കാല താമസത്തിനു നഷ്ട പരിഹാരം ലഭിക്കുന്നതിനുള്ള അവകാശം

9. 5 വയസ്സിൽ താഴെയുള്ള 5 കുട്ടികളെങ്കിലും തൊഴിലാളികളോടൊപ്പം ജോലിസ്ഥലത്ത് വരുകയാണെങ്കിൽഅവരെ നോക്കുന്നതിനായി ആയയുടെ സേവനം.

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

തൊഴിലുറപ്പ് പദ്ധതിയിൽനടപ്പിലാക്കാവുന്ന പ്രവൃത്തികൾ

വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

1. കുടിവെള്ള സ്രോതസ്സുകൾഉൾപ്പെടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ,മണ്ൺതടയണകൾ,അണകൾ,ചെക്ക ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും,ജലകൊയ്ത്തിനും സഹായകകരമായ നിർമിതികൾ.
2. ഓരോ നീർത്തടത്തിന്റെയും സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകൾ.
3. കൊണ്ടൂർ ട്രഞ്ചുകൾ ,തട്ടുതിരിക്കൽ, കോണ്ടൂർ ബണ്ടുകൾ , കല്ല് തടയണകൾ,ഗ്യാബിയോൺ നിർമിതികൾ,,നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ,
4. സൂക്ഷ്മ -ചെറുകിട ജലസേചന പ്രവൃത്തികളും തൊടുകൾ/കനാൽഎന്നിവയുടെ നിർമ്മാണം,പുനരുദ്ധരണം,മെയിന്റനസ് എന്നീ പ്രവൃത്തികളും.
5. ജല സേചന കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധരണവും.
6. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽബണ്ടുകളിലും റോഡുകളുടെ ഓരത്തിലും ,വനഭൂമിയിലും,മറ്റ് പൊതു ഭൂമിയിലും ഫലവൃക്ഷങ്ങൾഅടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും.ഇവയിൽ നിന്നു ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽപരമർശിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.
7. പൊതു ഭൂമിയിലെ വികസന പ്രവൃത്തികളും.

വിഭാഗം–ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ(ഖണ്ഡിക 5 ൽ പരമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

1. ഖണ്ഡിക 5 ൽ പരമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂ വികസനവും,കിണറുകൾ,കുളങ്ങൾ,മറ്റ്ജല കൊയ്ത്ത് നിർമ്മിതികൾഎന്നിവ ഉൾപ്പെടെയുള്ള ജല സേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ,
2. പഴകൃഷി,പട്ടുനൂൽകൃഷി,തോട്ട വിള കൃഷിഫാം ഫോറേസ്റ്റി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ .
3. ഖണ്ഡിക 5 ൽസൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ്ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ,
4. പ്രധാന മന്ത്രി ആവാസ് യോജന പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭാവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭാവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽഘടകം,

5. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾആയ കോഴിക്കൂട്, ആട്ടിൻകൂട്,തൊഴുത്ത് ,പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും
6. മത്സ്യ ബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങൾ ആയ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങശ,മത്സ്യം സൂക്ഷിയ്ക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷക്കാലത്ത് മാത്രം വെള്ളം ലഭിക്കുന്ന പൊതു കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കലും,

വിഭാഗം–സി : ദേശീയ ഗ്രാമീണഉപജീവന മിഷന്റെ നിബന്ധനകൾഅനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

1. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെ ഉള്ള വിടവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ,ജൈവ വളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾസൃഷ്ടിക്കുക വഴി കാർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും,
2. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

വിഭാഗം–ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

1. നിർദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര–ദ്രവ്യ മാലിന്യ സംസ്കരണത്തിനും,ഉറസ്സായ സ്ഥലങ്ങളിലെ മല മൂത്ര വിസ്സർജനം ഇല്ലാതാക്കുന്നതിനും വേണ്ടി മ\സ്വതന്ത്രമായോ സർക്കാർവകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ ,സ്കൂൾടോയിലെറ്റുകൾ,അങ്കണവാടി ടോയിലെറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.
2. ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും,ഓടകൾ കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും നിർമ്മാണവും,
3. കളി സ്ഥലങ്ങളുടെ നിർമ്മാണവും,
4. വെള്ള പ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ,വെള്ള ക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജല നിർഗമന പ്രവൃത്തികൾ,മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതു സ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ,തീര പ്രദേശത്തെ സംരക്ഷണത്തിന്നായുള്ള സ്റ്റോം വാട്ടർ ഡ്രയിനുകൾ എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ,റോഡുകളുടെ പുനരുദ്ധരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾമെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും,
5. ഗ്രാമ പഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ,കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ,അങ്കണവാടി കേന്ദ്രങ്ങൾ,ഗ്രാമീണ ചന്തകൾഎന്നിവയ്ക്ക് ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും,ഗ്രാമ /ബ്ലോക്ക് തല ശ്മശാനങ്ങളുടെ നിർമ്മാണവും,

6. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 (20/2013) ലെ വ്യവസ്ഥകൾനടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ ധാന്യ ശംഭരണികളുടെ നിർമ്മാണവും,
7. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും.
8. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപണികളും,
9. ഇത് സംബന്ധിച്ച സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കർ വിജ്ഞപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

**എടവകഗ്രാമ പഞ്ചായത്തിലെ ഒൻപതാം വർഡായ ചെറുവയൽവാർഡിൽ സോഷ്യൽ ഓഡിറ്റിന് വിധേയമാകിയ ഫയലുകൾ**

| നമ്പർ | പ്രവൃത്തിയുടെ പേര് | വർക്ക് കോഡ് | ആരംഭിച്ച തിയ്യതി | എസ്റ്റിമേറ്റ് തുക | ഓഡിറ്റ് കാലയളവിൽ ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | വള്ളിയൂർ കാവ് ഡ്രൈനേജ് | 1603002001/FP/346794 | 15-03-2019 | 497500 | 14094 |
| 2 | കവണകുന്ന് പടശേഖര റോഡ് കോൺഗ്രീറ്റ് | 1603002001/RC/272601 | 22-11-2018 | 500000 | 484031 |
| 3 | കൊടുമയിൽ റോഡ് മന്ന്പണി | 1603002001/RC/285690 | 21-03-2019 | 114250 | 82592 |
| 4 | ജോസ് തോട്ടി പറനോളിൽ വയൽ കുളം | 1603002001/IF/402460 | 11-03-2019 | 73000 | 66849 |
| 5 | ഫാം ബടിംഗ് ചെറുവയൽ | 1603002001/LD/319279 | 05-10-2018 | 385085 | 373445 |
| 6 | TSP ഭവന നിർമാണം അമ്മുകുട്ടി | 1603002001/IF/387056 | 08-03-2019 | 25000 | 14092/ |
| 7 | ഫാം ബണ്ടിംഗ് കവണകുന്ന് | 1603002001/LD/319281 | 06-10-2018 | 385085 | 377861 |
| 8 | ലൈഫ് ഭവന നിർമാണം പ്രീത സന്തോഷ് | 1603002001/IF/363207 | 28-12-2018 | 24840 | 24390 |
| 9 | ഫാം ബണ്ടിംഗ് മുക്കത്ത് ഭാഗം | 1603002001/LD/31 | 04-10-2018 | 385085 | 293129 |

| | | | | | |
|---|---|---|---|---|---|
| | | 9276 | | | |
| 10 | ഫാം ബണ്ടിംഗ് പുള്ക്കൽ | 1603002001/LD/31 9278 | 16-01-2019 | 385085 | 192945 |
| 11 | TSP ഭവനം കറുത്ത | 1603002001/IF/36 3276 | 18-01-2019 | 25390 | 7588 |
| 12 | വയൽ കുളം ആന്റണി തുപ്പംകര | 1603002001/WC/3 16145 | 11-03-2019 | 162000 | 109865 |
| 13 | ലൈഫ് ഭവനം ശ്രീലേഖ കൃഷ്ണൻകുട്ടി | 1603002001/IF/37 4216 | 01-02-2019 | 42500 | 36390 |
| 14 | ഫാം ബണ്ടിംഗ് മാടനികടവ് | 1603002001/LD/31 9282 | 05-02-2019 | 385085 | 99653 |
| 15 | ഫാം ബടിംഗ് കൊല്ലിയിൽ ഭാഗം റീച് 2 | 1603002001/LD/31 9277 | 03-10-2018 | 385085 | 354125 |
| | | | | | |

**ഫയൽ പരിശോധനയും കണ്ടെത്തലുകളും**

**കവർ പേജ്**

- ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം അനുസരിച്ച് ഒരേ ഫയലുകളിലും കവർ പേജ് ഉണ്ടായിരികണം.
    - ചെറുവയൽ വാർഡിലെ 15 വർക്കുകളുടേയും ഫയലുകളിൽ എ.എം.സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നില്ല.

**ചെക്ക് ലിസ്റ്റ്**

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ച ഓരോ ഫയലിലും രേഖകളുടെ ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്.
    - ചെറുവയൽ വാർഡിലെ സോഷ്യൽ ഓഡിറ്റിന് വിധേയമാകിയ 15 പ്രവൃത്തി ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല

**ആക്ഷൻപ്ലാൻ കോപ്പി**

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ച ഓരോ ഫയലിലും അതാത് പ്രവൃത്തികൾ ഉൾപ്പെട്ട ആക്ഷൻപ്ലാൻ പേജിന്റെ കോപ്പി ഉണ്ടായിരിക്കേണ്ടതാണ്

- ചെറുവയൽ വാർഡിലെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ 15 പ്രവൃത്തി ഫയലുകളിലും ആക്ഷൻപ്ലാൻ പേജിന്റെ കോപ്പി ഉണ്ടായിരുന്നില്ല.

**എസ്റ്റിമേറ്റ് കോപ്പി**

- ആനുവൽമാസ്റ്റർ സർക്കുലർ അനുസരിച്ച് ഓരഫയലിലും വിശദമായ എസ്റ്റിമേറ്റ്,ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ്,എസ്റ്റിമേറ്റ് റിപ്പോർട്ട്,സർവേ ഡാറ്റാ,എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
  - ചെറുവയൽവാർഡിലെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ 15 ഫയലുകളിലും വിശദമായ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു .
  - എന്നാൽ തൊഴിലുറപ്പ് പദ്ധതി എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് കോപ്പിയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
  - ജനകീയ ഭാഷയിലുള്ള എസ്റ്റിമെറ്റ് ഉണ്ടായിരുന്നില്ല.

**ഭരണനുമതി**

- ആനുവൽമാസ്റ്റർ സർക്കുലർഅനുസരിച്ച ഓരോ ഫയലിലും ഭരണാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം
  - ഭരണാനുമതിയുടെ കോപ്പി സോഷ്യൽ ഓഡിറ്റിന് വിധേയമാകിയ 15 ഫയലുകളിലും സൂക്ഷിച്ചിട്ടിട്ടുണ്ട്
  - സെകൂറിൽ നിന്നെടുത്ത കോപ്പി ആണ് ഫയലിൽ ഉൾപ്പെടുത്തിയിരുന്നത്. സെക്രട്ടറിയുടെ ഒപ്പും,സീലും ഉണ്ടായിരുന്നില്ല.

**സാങ്കേതികാനുമതി**

- ആനുവൽമാസ്റ്റർസർക്കുലർഅനുസരിച്ച് ഓരോ ഫയലിലും സാങ്കേതികാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം
  - സാങ്കേതികനുമതിയുടെ കോപ്പി സോഷ്യൽ ഓഡിറ്റിന് വിധേയമാകിയ 15 ഫയലുകളിലും സൂക്ഷിച്ചിട്ടിട്ടുണ്ട്.
  - എന്നാൽ സാങ്കേതിക അനുമതി രേഖയിൽ കമ്മിറ്റി അംഗങ്ങൾ ഒപ്പ്,സില് എന്നിവ രേഖപ്പെടുത്തിയിട്ടില്ല..

**ഡിമാൻഡ് ഫോറം**

- ആനുവൽ മാസ്റ്റർസർക്കുലർ അനുസരിച്ച ഓരോ ഫയലിലും പ്രവൃത്തി ലഭിക്കുന്നതിനായി തൊഴിലാളികൾ തൊഴിൽആവശ്യപ്പെടുന്ന ഒരു ഫോറം ഉണ്ടായിരിക്കണം
  - എ.എം.സി പ്രകാരമുള്ള തൊഴിൽഅപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

- ❖ 10 ഫയലിൽ വെള്ള പേപ്പറിൽ തയ്യാറാക്കിയ ഡിമാൻഡ് ഫോറം സൂക്ഷിച്ചിട്ടുണ്ട്.ഗ്രൂപ്പ് ആയിട്ടാണ് തൊഴിൽ ആവശ്യപ്പെട്ടിരിക്കുന്നത് എന്നാൽ തൊഴിൽ ഏത് ദിവസം മുതൽ ഏത് ദിവസം വരെ എത്ര ദിവസം എന്ന് രേഖപ്പെടുത്തിയിട്ടില്ല.
- ❖ ഫാം ബടിംഗ് കൊല്ലിയിൽ ഭാഗം, ഫാം ബടിംഗ് മടനിക്കടവ്, ലൈഫ് ഭവന പദ്ധതി ശ്രീലേഖ കൃഷ്ണൻകുട്ടി, റ്റി.സ്.പി ഭവന പദ്ധതി കറുത്ത, റ്റി.സ്.പി ഭവനപദ്ധതി അമ്മുക്കുട്ടി എന്നീ ഫയലുകളിൽ തൊഴിലാളികളുടെ ഡിമാന്റ് ഫോം സൂക്ഷിച്ചിട്ടില്ല.

**വർക്ക് അലോക്കേഷൻ ഫോറം**

- ➢ ആനുവൽമാസ്റ്റർസർക്കുലർഅനുസരിച്ച് ഓരോ ഫയലിലും തൊഴിൽഅനുവദിച്ചത് സംബന്ധിച്ച വർക്ക് ആലോക്കഷൻഫോറം ഉണ്ടായിരിക്കണം
  - ❖ ഓഡിറ്റിന് വിധേയമാക്കിയ 15 പ്രവൃത്തികളുടെ ഫയലുകളിൽ 6 എണ്ണത്തിൽ വർക്ക് അലോകേഷൻ ഫോം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 9 എണ്ണത്തിൽ ഇല്ല.

**മാസ്റ്റർ റോൾ**

- ➢ ആനുവൽമാസ്റ്റർസർക്കുലർ അനുസരിച്ച ഓരോ പ്രവൃത്തിക്കും മാസ്റ്റർറോൾഉണ്ടായിരിക്കണം
  - ❖ ഓഡിറ്റിന് വിധേയമാക്കിയ 1 5പ്രവൃത്തി ഫയലുകളിലും മാസ്റ്റർ റോളുകൾ സൂക്ഷിച്ചിരുന്നു.
  - ❖ മസ്റ്റർറോളുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പ് ,സീൽ എന്നിവർ രേഖപ്പെടുത്തിയിട്ടുണ്ട് .എന്നാൽ ഒപ്പ് രേഖപ്പെടുത്തിയ തിയ്യതി ഇല്ല.
  - ❖ തൊഴിൽചെയ്ത തിയ്യതികൾ രേഖപ്പെടുത്തിയിട്ടില്ല.
  - ❖ 1603002001/IF/387056 ഭവന നിർമ്മാണം റ്റി.സ്.പി അമ്മുക്കുട്ടി എന്ന പ്രവൃത്തിയുടെ മാസ്റ്റർ റോളിൽ മെത്ത വേതനം രേഖപ്പെടുത്തിയിട്ടില്ല.

**മെഷർമെന്റ് ബുക്ക്(അളവ് പുസ്തകം)**

- ➢ ആനുവൽമാസ്റ്റർസർക്കുലർ അനുസരിച്ച് ഓരോ പ്രവൃത്തിക്കും അളവ് രേഖപ്പെടുത്തുന്ന പുസ്തകം ഉണ്ടായിരിക്കണം
- ❖ പരിശോധനക്ക് വിധേയമാക്കിയ 15 ഫയലുകളിലും എം.ബുക്ക് സൂക്ഷിച്ചിട്ടുണ്ട്.

**വേജ് ലിസ്റ്റ്**

- ➢ ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ച് ഓരോ മസ്റ്റർ റോളുകൾക്കും വേജ് ലിസ്റ്റ് ഉണ്ടായിരിക്കണം.
  - ❖ പരിശോധനക്ക് വിധേയമാക്കിയ എല്ലാ ഫയലുകളിലും മസ്റ്റർറോളുകൾക്ക് അനുസരിച്ച് വേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

**ഫണ്ട് ട്രാൻസ്ഫർ ഓർഡർ(എഫ്.ടി.ഒ)**

- ❖ ഓഡിറ്റിന് വിധേയമാകിയ 15 ഫയലിലും എഫ്. ടി. ഒ ഇല്ലായിരുന്നു.

**ഫോട്ടോ ഗ്രാഫുകൾ**

- ➢ ആനുവൽ മാസ്റ്റർ സർക്കുലർഅനുസരിച്ച ഓരോ പ്രവൃത്തിയുടെയും മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഗ്രാഫുകൾ ഫയലിൽ ഉണ്ടായിരിക്കണം.
  - ❖ ഓഡിറ്റിന് വിധേയമാക്കിയ 15 പ്രവൃത്തി ഫയലുകളിൽ 13 വർക്കുകളിൽ ഫോട്ടോഗ്രാഫ് ഇല്ലായിരുന്നു. 1603002001/276601 കാവണകുന്ന് റോഡ് കോൺക്രീറ്റ്, 1603002001/363207 ലൈഫ് ഭവനം പ്രീത സന്തോഷ് എന്നീ വർക്കുകളിൽ മാത്രം 3 ഘട്ട ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നു..

**ജിയോ ടാഗ്ഗ് ഫോട്ടോഗ്രാഫ്**

- ➢ ആനുവൽ മാസ്റ്റർ സർക്കുലർഅനുസരിച്ച ഓരോ പ്രവൃത്തിയുടെയും ജിയോ ടാഗ്ഗ് ചെയ്ത ഒരു ഫോട്ടോഗ്രാഫ് എങ്കിലും ഫയലിൽ ഉണ്ടായിരിക്കണം.
  - ❖ ഓഡിറ്റിന് വിധേയമാക്കിയ 1 5പ്രവൃത്തി ഫയലുകളിലും ജിയോ ടാഗ്ഗ് ചെയ്ത ഫോട്ടോഗ്രാഫുകൾ ഉണ്ടായിരുന്നില്ല.

**പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

- ➢ ആനുവൽ മാസ്റ്റർസർക്കുലർ അനുസരിച്ച ഓരോ പ്രവൃത്തിയുടെയും പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞാൽ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധന്റെ ഒപ്പോട് കൂടിയ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ഉണ്ടായിരിക്കണം
  - 15 ഫയലുകളിലും പ്രവർത്തി പൂർത്തികരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

**ഫയൽ ട്രാക്കിങ് ഫോറം**

- ➢ ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ച ഓരോ മാസ്റ്റർറോളുകൾക്കും ഫയൽ ട്രാക്കിങ് ഫോറം ഉണ്ടായിരിക്കണം
  - ❖ ഓഡിറ്റിന് വിധേയമാക്കിയ 1 5ഫയലുകളിലും ഫയൽട്രാക്കിങ് ഫോറം ഉണ്ടായിരുന്നില്ല.
  - ❖ ഫയൽ ട്രാക്കിങ് ഫോറത്തിൽ ബ്ലോക്കിലേക്ക് മാസ്റ്റർറോളിനായി അപേക്ഷ നൽകിയ തിയ്യതി, മസ്റ്റർ റോൾ അനുവദിച്ച തിയ്യതി,ബിൽഎഴുതി സെക്രട്ടറിക്ക് സമർപ്പിക്കപ്പെട്ട തിയ്യതി,വേതനം നൽകിയ തിയ്യതി,ബ്ലോക്കിലേക്ക് റിപ്പോർട്ട് ചെയ്ത തിയ്യതി,ഡാറ്റാ എൻട്രി നടത്തിയ തിയ്യതി,പ്രവൃത്തി അവസാനിച്ച തിയ്യതി,ബ്ലോക്കിൽ കം പ്ളീഷൻറിപ്പോർട്ട് നൽകിയ തിയ്യതി, എം.ഐ.എസ്ൽ പ്രവൃത്തി പൂർത്തീകരണം രേഖപ്പെടുത്തിയ തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

**സൈറ്റ് ഡയറി**

- ആനുവൽ  മാസ്റ്റർ സർക്കുലർ അനുസരിച്ച ഓരോ പ്രവൃത്തികൾക്കും സൈറ്റ് ഡയറി ഉണ്ടായിരിക്കണം
- 15 ഫയലിൽ 10 ൽ സൈറ്റ് ഡയറി ഉണ്ടായിരുന്നു
- 1603002001/IF/363276 ലൈഫ് ഭവനം കറുത്ത,1603002001/IF/363207 ലൈഫ് ഭവനം പ്രീത സന്തോഷ്, 1603002001/IF/387056 ലൈഫ് ഭവനം അമ്മുക്കുട്ടി,1603002001/IF/346744 വള്ളിയൂർകാവ് ഡ്രൈനേജ്, 1603002001/IF/374216 ലൈഫ് ഭവനം ശ്രീലേഖ കുട്ടി കൃഷ്ണൻ എന്നീ ഫയലുകളിൽ സൈറ്റ് ഡയറി ഇല്ല.
- സൈറ്റ് ഡയറികളിൽ  സന്ദർശക കുറിപ്പ്  വിശദ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ ആരും തന്നെ വിശദ വിവരങ്ങൾരേഖപ്പെടുത്തിയിട്ടില്ല

**നിർദേശങ്ങൾ**

- എല്ലാ പ്രവൃത്തി ഫയലുകളിലും കവർപേജ്  ഉണ്ടായിരിക്കണം
- എല്ലാ പ്രവൃത്തി ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കണം
- ആക്ഷൻ  പ്ലാനിൽ  നിന്നു ബന്ധപ്പെട്ട പ്രവൃത്തിയുടെ പേര് വരുന്ന  പേജ് കോപ്പി എടുത്ത് ഫയലിൽ സൂക്ഷിക്കണം
- ഭരണാനുമതി,സാങ്കേതികനുമതി എന്നിവയുടെ കോപ്പികൾബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പം സീലും രേഖപ്പെടുത്തി ഫയലിൽ സൂക്ഷിക്കണം
- മസ്റ്റർ റോൾഫയലിൽസൂക്ഷിക്കണം തിരുത്തുകൾവരാതിരിക്കാൻ വേണ്ട നടപടികൾ എടുക്കണം മസ്റ്റർറോൾ എഴുത്തുന്നതിൽതെറ്റ് വരാതിരിക്കാൻ മേറ്റുമാർക്ക് പരിശീലനം നൽകണം.
- ഓരോ മസ്റ്റർ റോളിനും ആനുപാതികമായി  വേജ് ലിസ്റ്റ് ഫയലിൽസൂക്ഷിക്കണം
- ഓരോ വേജ് ലിസ്റ്റിനും ആനുപാതികമായി  ഫണ്ട് ട്രാൻസ്ഫർ  ഓർഡർ)എഫ്.ടി.ഒ ( ഫയലിൽസൂക്ഷിക്കണം
- പ്രവൃത്തി പൂർത്തീകരിച്ചാൽ പൂർത്തീകരണ സാക്ഷ്യ പത്രം ഫയലിൽ  സൂക്ഷിക്കണം
- മൂന്നു ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫുകളും ജിയോടാഗ്ഗ് ഫോട്ടോഗ്രാഫും ഫയലിൽ സൂക്ഷിക്കണം
- സൈറ്റ് ഡയറി നിർബന്ധമായും ഫയലിൽ ഉണ്ടായിരിക്കണം
- ആനുവൽ മാസ്റ്റർ പ്ലാനിൽ  പറഞ്ഞിരിക്കുന്ന  22രേഖകളും ഫയലിൽ സൂക്ഷിക്കണം.

ഫീൽഡ് റിപ്പോർട്ടുകൾ

റോഡ് കോൺക്രീറ്റ്

ഓഡിറ്റിന് വിധേയമാക്കിയ 15 പ്രവർത്തികളിൽ ഒരു റോഡ് കോൺഗ്രീറ്റ് വർക്ക് മാത്രമാണ് ഉണ്ടായിരുന്നത്.

1. കാവണകുന്ന് പാടശേഖരത്തിലേക്കുള്ള റോഡ് കോൺഗ്രീറ്റ് 1603002001/RC/276601

ഫീൽഡ് സന്ദർശന വേളയിൽ ചെറുവയൽ വാർഡിൽ കാവണകുന്ന് പാടശേഖരത്തിലേക്കുള്ള റോഡ് കോൺഗ്രീറ്റ് നിർമ്മാണം എം.ബുക്ക് പ്രകാരം 130 മീറ്റർ നീളവും 3 മീറ്റർ വീതിയും എന്ന രീതിയിൽ രണ്ട് ഘട്ടങ്ങളിലായി പണി പൂർത്തികരിച്ചിട്ടുണ്ട്. സീറ്റിസൺ ഇൻഫോർമേഷൻ ബോർഡ് കൃത്യമായി സ്ഥാപിച്ചിട്ടുണ്ട്. കൃഷി സ്ഥലത്തേക്ക് എളുപ്പത്തിൽ പോകുവാനും കൃഷി ആവശ്യ സാധനങ്ങൾ കൃഷി സ്ഥലത്ത് എത്തിക്കുവാനും ഈ റോഡ് സഹായകരമാണ്.

കെട്ടുമയിൽ റോഡ് മൺ പണി 1603002001/RC/285690

ശ്മശാനത്തിലേക്ക് പോകാനും, കൃഷിയിടങ്ങളിലേക്ക് പോകാനും വേണ്ടി 2 റോഡായാണ് പണി പൂർത്തികരിച്ചിരിക്കുന്നത്.

1) ശ്മശാന റോഡ് 68 മീറ്റർ നീളം,3 മീറ്റർ വീതി

2) കൃഷിസ്ഥലത്തേക്കുള്ള റോഡ് 164 മീറ്റർ നീളം,2.5 മീറ്റർ വീതി.

കൊട്ടമയിൻ റോഡിന്റെ ആകെ നീളം 232 മീറ്റർ. മെഷർമെൻറ് ബുക്കിലെ നീളം 220 മീറ്റർ. റോഡിന്റെ ആവിശ്യകതക്ക് വേണ്ടി 12മീറ്റർ അധികമായി എടുത്തിട്ടുണ്ട് . സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

കുളം നിർമ്മാണം

ജല ശേഖരണത്തിനും മത്സ്യ കൃഷിക്കും, കൃഷി ആവശ്യത്തിനായിട്ടാണ് കുളം നിർമ്മണം തൊഴിൽ ഉറപ്പ് വഴി ലഭ്യമാക്കുന്നത്. ചെറു വയൽ വാർഡിൽ 2 കുളം നിർമ്മാണം നടത്തിയിട്ടുണ്ട്. വരൾച്ച സമയത്ത് കൃഷി ആവശ്യത്തിന് നന്നായി ഇവയെ ഉപയോഗിക്കുന്നുണ്ട്.

1.ജോസ് തോട്ടി പറന്നോളിൽ വയൽ കുളം 1603002001/IF/402460

ജോസ് തോട്ടി പറന്നേലിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വയലിലാണ് കുളം നിർമ്മിച്ചിരിക്കുന്നത്. പ്രളയത്തെ തുടർന്ന് കുളത്തിന്റെ വശങ്ങളിലെ മണ്ണ് ഇടിഞ്ഞ് കുളത്തിന്റെ വശങ്ങൾ ഇടിഞ്ഞിട്ടുള്ളതായി കാണാൻ സാധിച്ചു. കുളം കൃഷി ആവിശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ബോധ്യപെട്ടു. വേനൽകാലത്തെ കൃഷി ആവശ്യങ്ങൾക്കാണ് കുടുതലും കുളത്തിലെ ജലം ഉപയോഗിക്കുന്നത്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ചിലവ് ഫയലിൽ കാണിച്ചിട്ടുണ്ടെങ്കിലും ഫീൽഡിൽ കാണാൻ സാധിച്ചില്ല.

2.വയൽ കുളം നിർമ്മാണം ആന്റണി ഉപ്പംകര 1603002001/WC/316145.

ആൻറണി ഉപ്പകര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വയലിലാണ് കുളം നിർമ്മിച്ചിരിക്കുന്നത്. 15 മീറ്റർ നീളം,10 മീറ്റർ വീതി എന്ന അളവിലാണ് നിർമ്മാണം പൂർത്തികരിച്ചിരിക്കുന്നത്. എന്നാൽ മെഷർമെന്റ്

ബുക്കിലെ അളവ് പ്രകാരം നീളം16 മീറ്റർ വീതി13 മീറ്റർ ആണ്. പ്രളയത്തെ തുടർന്ന് വശങ്ങളിലെ മണ്ണിടിഞ്ഞതാണ് അളവിലുണ്ടായ വിത്യാസത്തിന് കാരണമെന്ന് ബോധ്യപെട്ടു.കുളം കൃഷി ആവിശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ബോധ്യപെട്ടു. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ചിലവ് ഫയലിൽ കാണിച്ചിട്ടുണ്ടെങ്കിലും ഫീൽഡിൽ കാണാൻ സാധിച്ചില്ല.

ഫാം ബടിംഗ് നിർമ്മാണം

ചെറു വയൽ വാർഡിൽ 6 ഫാം ബിംഗകളാണ് നടന്നിട്ടുള്ളത്. മണ്ണൊലിപ്പ് തടയുക, ജല സംരക്ഷണം എന്നിവ ലക്ഷ്യമിട്ടാണ് ഫാം ബടിംഗുകൾ നിർമ്മിക്കുന്നത്. തൊഴിലാളികൾക്ക് അനവധി തൊഴിൽ ദിനം നൽകുന്ന ഒരു പ്രവർത്തിയാണ് ഫാം ബടിംഗ് .

1. ഫാം ബടിംഗ് ചെറു വയൽ ഭാഗം 1603002001/LD/319279

ഫാം ബടിംഗ്  ചെറുവയൽ വാർഡിൽ ചെറു വയൽ പ്രദേശത്ത് ഗുണഭോക്താക്കളുടെ സ്ഥലത്ത് പ്രവർത്തി ചെയ്തത് പരിശോധനയിൽ

പ്രവൃത്തി കഴിഞ്ഞ് ഒരു വർഷമായതിനാൽ മുഴുവൻ കാട് പിടിച്ച് പ്രവേശനം തന്നെ അസാധ്യമായ നിലയിൽ ആയിരുന്നു. ഒരു എക്കറിനും

അതിന് മുകളിലും താഴെയുള്ള തോട്ടങ്ങളിൽ ഫാം ബംടിങ്ങ് എടുത്തിട്ടുണ്ട്. ആകെ 13 പേരുടെ സ്ഥലത്താണ് പ്രവർത്തി ചെയ്തിട്ടുള്ളത്.

13 പേരുടെയും സ്ഥലത്ത് ഒരോ തോട്ടത്തിലും ഒരു ഫാം ബടിംഗും ബാക്കി കർഷകരുടെ അഭിപ്രായം കണിക്കിലെടുത്ത് തോട്ടം കിളയാണ്

നടത്തിയതെന്ന് പരിശോധനയിൽ കാണാൻ കഴിഞ്ഞു . എം. ബുക്കിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ചിലവ് കാണിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

2..ഫാം ബടിംഗ് മൂക്കത്ത് ഭാഗം 1603002001/LD/319276

ഫാംബടിംഗ് ചെറുവയൽ വാർഡിൽ മൂക്കത്ത്  പ്രദേശത്ത് പ്രവർത്തി ചെയ്ത പരിശോധനയിൽ പ്രവർത്തി കഴിഞ്ഞ് ഒരുവർഷമായതിനാൽ മുഴവൻ കാട്പിടിച്ച് പ്രവേശനം തന്നെ അസാധ്യമായിരുന്നു. ആകെ 32 പേരുടെ സ്ഥലത്താണ് പ്രവർത്തിചെയ്തിട്ടുള്ളത്.32 പേരുടെയും സ്ഥലത്ത് ഒരോ തോട്ടത്തിലും ഒരു ഫാം ബടിംഗും ബാക്കി തോട്ടംകിളയാണ് നടത്തിയതെന്ന് പരിശോധനയിൽ കാണാൻ കഴിഞ്ഞു. എം. ബുക്കിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ചിലവ് കാണിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

3.ഫാം ബടിംഗ് പുളയ്ക്കൽ ഭാഗം 1603002001/LD/319278

ഫാംബടിംഗ് കമ്മന പുളയ്ക്കൽ പ്രദേശത്ത് പ്രവൃത്തി കഴിഞ്ഞ് ഒരു വർഷമായതിനാൽ മുഴവൻ കാട് പിടിച്ച പ്രവേശനം തന്നെ അസാധ്യമായ നിലയിൽ ആയിരുന്നു.ഒരു എക്കറിനും അതിനുമുകളിലും താഴെയുള്ള

തോട്ടങ്ങളിൽ ഫാംബംടിങ്ങ് എടുത്തിട്ടുണ്ട്. ആകെ17 സ്ഥലങ്ങളിൽ 14 ഗുണഭോക്താകൾക്ക് ഫാം ബടിംഗും തോട്ടം കിളയും എടുക്കുകയും 4 പേരുടെ സ്ഥലത്ത് തോട്ടം കിള മാത്രവുമായിട്ടാണ് ചെയ്തിട്ടുള്ളത്. എം. ബുക്കിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ചിലവ് കാണിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

4. ഫാം ബടിംഗ് മഡാനി കടവ് ഭാഗം 1603002001/LD/319282

പ്രവൃത്തി കഴിഞ്ഞ് ഒരു വർഷമായതിനാൽ മുഴവൻ കാട് പിടിച്ച പ്രവേശനം തന്നെ അസാധ്യമായ നിലയിൽ ആയിരുന്നു.ഒരു എക്കറിനും അതിന് മുകളിലും താഴെയുള്ള തോട്ടങ്ങളിൽ ഫാം ബംടിങ്ങ് എടുത്തിട്ടുണ്ട്.റോയ്ച്ചൽ തുപ്പംകര 2.75 ഏക്കർ, ജോർജ് തുപ്പംകര 2.50 ഏക്കർ സെലിൽ തുപ്പകര 2.50 ഏക്കർ , ആന്റണി തുപ്പംകര 1ഏക്കർ , സദാനന്ദൻ ആയിരം വീട്ടിൽ , 1.75 ഏക്കർ , പാർവ്വതി വാര്യാസ്യർ 80 സെന്റ് എന്നി 6 പേരുടെയും സ്ഥലത്ത് ഫാം ബടിംഗ് നിർമ്മിക്കുകയും അതിനോപ്പം തോട്ടംകിളയും ചെയതിട്ടുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തൻ കഴിഞ്ഞു . ഒരു എക്കർ സ്ഥലത്ത് 45 പണിയിൽ 5 പണി ബടിനും 40 പണി തോട്ടം കിളയായി എടുത്ത്  നൽകുകയാണെന്ന് അറിയാൻ കഴിഞ്ഞു. എം.ബുക്കിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ചിലവ് കാണിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

5. ഫാം ബടിംഗ് കൊല്ലിയിൽ ഭാഗം  1603002001/LD/319277

34 ഉടമസ്ഥരുടെ തോട്ടങ്ങളിലാണ് പണി ചെയതിട്ടുള്ളത്. ഫാം ബണ്ടിംഗ് എത്തിട്ടുള്ളടുതിനു മുകളിലൂടെ ഈ വർഷം മൺകയ്യാല നിർമ്മിച്ചതായി കാണാൻ സാധിച്ചു.എം.ബുക്കിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ചിലവ് കാണിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

6. ഫാം ബടിംഗ് കാവണ കുന്ന് പ്രദേശം 1603002001/LD/3

പ്രവൃത്തി കഴിഞ്ഞ് ഒരു വർഷമായതിനാൽ മുഴവൻ കാട് പിടിച്ച് പ്രവേശനം തന്നെ അസാധ്യമായ നിലയിൽ ആയിരുന്നു.ഒരു എക്കറിനും

അതിന് മുകളിലും താഴെയുള്ള തോട്ടങ്ങളിൽ ഫാം ബംടിങ്ങ് എടുത്തിട്ടുണ്ട്.ലിമ ജോൺസൺ 50 സെന്റ്, ജിൽസൺ തുപ്പംകര 1.5 ഏക്കർ

, ജോൺസൺ ഓനത്ത്കുഴി കമ്മന 1 .5ഏക്കർ, കുന്നത്ത് കുഴി റെജി 1 ഏക്കർ, ഒന്നത്തേക്ക് മറിയ കുട്ടി 60 സെന്റ്, കുരു പ്ലാക്കിൽ

ജോസഫ് 1ഏക്കർ, വട്ടപറമ്പിൽ സാനി ജോർജ് 40 സെന്റ്, മാഞ്ചേരി ഷാജു 50 സെന്റ്, പള്ളി കുന്നേൽ സബാസ്റ്റ്ൻ 25സെന്റ് ,കുരിശു

മൂട്ടിൽ തോമസ് 1.80ഏക്കർ, കുരിശു മൂട്ടിൽ തോമസ് 1.80 സെന്റ്,  മത്തായി കാരകുന്നേൽ 1.80ഏക്കർ ,കുരിശു മൂട്ടിൽ ഷാജു, പ്ലാച്ചേരി

കുഴിയിൽ ശെൽവിയ കുര്യാക്കോസ്, കൊട്ടുമയിൽകുന്ന് സാനു 1. ഏക്കർ , ചെമ്പകശ്ശേരി ജാനകി 15 സെന്റ്, കൊട്ടുമയിൽകുന്ന് രാജൻ,

തുടങ്ങിയവരുടെ സ്ഥലത്ത് ഫാം ബാടിംഗം അതോടപ്പം തോട്ടം കിളയുമാണ് ചെയ്തിട്ടുള്ളതെന്ന് പരിശോധനയിൽ കാണാൻ

കഴിഞ്ഞു .വട്ടപറമ്പിൽ സാനി ജോരാജ് 40 സെന്റ് പള്ളികുന്ന് സെബാസ്റ്റൻ 25 സെന്റ്, വടക്ക് പാടൻ ഷൈൻ 21സെന്റ, കൊല്ലശ്ശേരി

തോമസ് 17 സെന്റ്,കൊല്ലശ്ശേരി മറിയാമ്മ 5 സെന്റ്, ചെമ്പകശ്ശേരി ജാനകി 15 സെന്റ് ,കൊട്ടുമയിൽ കുന്ന് രാജൻ, അപ്പച്ചൻ എന്നീ 8

പേരുടെ സ്ഥലത്ത് തോട്ടം കിള മാത്രമാണ് ചെയ്തതെന്ന് പരിശോധനയിൽ കണ്ടെത്താനായി. 50 സെന്റിന് മുകളിൽ ഉള്ള സ്ഥലങ്ങളിലും,

ഉടമസ്ഥരുടെ ആവിശ്യ പ്രകാരവുമാണ് ഈ തോട്ടങ്ങളിൽ കിള മാത്രം ചെയ്തതെന്ന് മനസിലാക്കാൻ സാധിച്ചു.എം.ബുക്കിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ചിലവ് കാണിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

ഭവന നിർമ്മാണം

1. TSP ഭവന നിർമ്മാണം കറുത്ത 1603002001/IF/363276

റ്റി. സ്. പി ഭവന നിർമ്മാണം കറുത്ത നിർമാണം നടന്ന് കൊണ്ടിരിക്കുകയാണ് . ഭിത്തിയുടെ നിർമാണം പൂർത്തിയായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി വഴി 4 ഘട്ടങ്ങളിലായി 90 തൊഴിൽ ദിനങ്ങൾ ലഭിക്കണം.ഭിത്തി നിർമ്മാണം കഴിഞ്ഞ സ്ഥിതിക്ക് 52 പണികൾ ലഭിക്കണം. എന്നാൽ ഭവനത്തിൻറെ തറ നിർമ്മാണത്തിന് ലഭ്യമാക്കുന്ന 28 പണിയാണ് ഇതുവരെ ലഭിച്ചിരിക്കുന്നത്.

2.TSP ഭവന നിർമ്മാണം അമ്മുക്കുട്ടി 1603002001/IF/387056

റ്റി. സ്. പി ഭവന നിർമ്മാണം അമ്മുക്കുട്ടിയുടെ ഭവന നിർമ്മണത്തിന്റെ മേൽക്കൂരയുടെ പണി കഴിഞ്ഞിട്ടുണ്ട്.. തൊഴിലുറപ്പ് പദ്ധതി മുഖാന്തരം 56 പണി ലഭിച്ചിട്ടുണ്ട് . ഭവനനിർമ്മാണ സമയത്ത് മറ്റ് പണികൾക്ക് പേകാൻ സാധിക്കാത്ത സാഹചര്യത്തിൽ തൊഴിലുറപ്പ് വഴി നിശ്ചിത തൊഴിൽ ലഭിക്കുന്നത് ഏറെ പ്രയോജനകരമാണ്.

3.ലൈഫ് ഭവനം പ്രീത സന്തോഷ് 1603002001/IF/363207

പ്രീത സന്തോഷിന്റെ ഭവനം നിർമ്മാണം പൂർത്തിയായി .തൊഴിലുറപ്പ് പദ്ധതി വഴി നാല് ഘട്ടങ്ങളിലായി 90 തൊഴിൽ ദിനങ്ങൾ ലഭിക്കുകയും

അതിനുള്ള വേതനം ലഭിച്ചെന്നും ഗുണഭോക്താവിൽ നിന്നും അറിയാൻ കഴിഞ്ഞു.

4. ലൈഫ് ഭവനം ശ്രീലേഖ കൃഷ്ണൻ കുട്ടി 1603002001/IF/374216

ശ്രീലേഖ കുട്ടി കൃഷ്ണന്റെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.തൊഴിലുറപ്പ് പദ്ധതി വഴി ഭവന നിർമ്മാണത്തിൽ നാല് ഘട്ടങ്ങളിലായി 90 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്.

വള്ളിയൂർക്കാവ് ഡ്രൈനേജ് 1603002001/FP/346794

പ്രവർത്തിയുടെ ഒന്നാംഘട്ടം നടന്ന് കൊണ്ടിരിക്കുകയാണ് 40 മീറ്റർ നീളവും 1.5 വീതിയും ആയിരുന്നു ഡ്രൈനേജിന്റെ അളവ് പറഞ്ഞിരുന്നത്. ഡ്രൈനേജ് നിർമ്മാണത്തിന് ആവശ്യമായ ചാൽ നിർമ്മിച്ചിട്ടുണ്ട്. കോൺഗ്രീറ്റ് ചെയ്തിട്ടില്ല..കനത്ത മഴയാൽ ഡൈനേജിനുള്ളിൽ ,മണ്ണ് നിറഞ്ഞ അവസ്ഥയിലാണ്.

**നിർദേശങ്ങൾ**

- ❖ എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിലുകളാണ് തൊഴിലാളികൾ പ്രവൃത്തി സ്ഥലത്ത് ചെയ്യുന്നത് എന്നു ഉറപ്പ് വരുത്തണം.
- ❖ പ്രവൃത്തി ചെയ്യുന്ന സമയത്ത് നിർദേശങ്ങൾ നല്കാൻ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച ആളുടെ സന്ദർശനം നിർബന്ധമാകണം.
- ❖ പ്രവൃത്തി ചെയ്ത സ്ഥലത്തെ അളവുകൾ രേഖപ്പെടുത്തിയതിന് ശേഷം മാത്രം എം.ബുക്ക് എഴുതുക.
- ❖ അതാത് പ്രവൃത്തികൾ ചെയ്യേണ്ട സമയങ്ങളിൽമാത്രം ചെയ്യുന്നതിനായി പ്ലാൻ തയ്യാറാക്കുക
- ❖ കർഷകരുടെ ഭൂമിയിൽ ചെയ്യുന്ന പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ ശാസ്ത്രീയമായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ❖ സൈറ്റ് ഡയറികളിൽ സന്ദർശന വിവരങ്ങൾ സാങ്കേതിക വിദഗ്ധർ നിർബന്ധമായും രേഖപ്പെടുത്തണം.
- ❖ പദ്ധതി ആരംഭ മീറ്റിങ്ങുകൾ നടക്കുന്ന സമയങ്ങളിൽ സാങ്കേതിക വിദഗ്ധരെ പങ്കെടുക്കുകയും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദ വിവരങ്ങൾ തൊഴിലാളികളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ❖ ഓഫീസിൽ മസ്റ്ററോളുകളും സൈറ്റ് ഡയറിയും സ്വീകരിക്കുമ്പോൾ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് പരിശോധിക്കേണ്ടതാണ്
- ❖ മസ്റ്റർ റോൾ പ്രവൃത്തി സ്ഥലത്തു എത്തിച്ചു നൽകേണ്ടത് അതതു ഓവർസിയർ ആണെന്നുള്ളത് /66791dd2/14/LSGD തിയ്യതി പുറത്തിറക്കിയ സ ന 2015/2/6ർക്കാർ ഉത്തരവ് പ്രകാരം പറയുന്നുണ്ടെങ്കിലും മേറ്റ്മാർ തന്നെയാണ് മസ്റ്റർറോൾപഞ്ചായത്തുകളി ൽ എത്തിക്കുന്നത്

**മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുണ്ട്**

1.തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

2.ഗ്രാമസഭ  രജിസ്റ്റർ

3.തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ

4.പ്രവൃത്തിയുടെ ലിസ്റ്റും,ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ

5.സ്ഥിര ആസ്തികളുടെ രജിസ്റ്റർ

6.പരാതി രജിസ്റ്റർ

7.സാധന രജിസ്റ്റർ

**പഞ്ചായത്തിലെ 7 രജിസ്റ്ററുകളിൽ പരിശോധയിൽ  കണ്ടെത്തിയ കാര്യങ്ങൾ**

1.തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

കവർപേജ്  ഉണ്ടായിരുന്നു. സെക്യൂറിൽ നിന്നു  പ്രിന്റ്  എടുത്ത് സൂക്ഷിച്ചിരിക്കുന്നു.കൃത്യമായി പരിപാലിച്ചിട്ടുണ്ട്

2.ഗ്രാമസഭ രജിസ്റ്റർ

ഗ്രാമസഭ രജിസ്റ്ററിൽ 2018-19 വർഷത്തിൽ രണ്ടു ഗ്രാമസഭകൾ  നടത്തിയിട്ടുണ്ട്.  2020-2019വർഷത്തേക്കുള്ള ആക്ഷന് പ്ലാൻ,  ഉണഭോക്താളുടെ ലിസ്റ്റ് അംഗീകരിക്കൽ ആയിരുന്നു പ്രധാന അജണ്ട.

3.. തൊഴിൽആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ചുള്ള രജിസ്റ്റർ

സെക്യൂറിൽ നിന്നുള്ള കോപ്പി സൂക്ഷിച്ചിട്ടുണ്ട്.  കവർപേജ് ഉണ്ടായിരുന്നു

4. പ്രവൃത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ച്

പാർട്ട് A പ്രവർത്തിയുടെ ലിസ്റ്റ് കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്

5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ

ആസ്തി രജിസ്റ്ററിൽ 09/06/2018 വരെയുള്ള കാര്യങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു.

6. പരാതി രജിസ്റ്റർ

1/ 06/2018 ന ശേഷംഒരു പരാതിയും  രേഖപ്പെടുത്തിയിട്ടില്ല.

7. സാധന രജിസ്റ്റർ

കവർപേജ് ഉണ്ടായിരുന്നു.2018-19 വർഷത്തെ ലിസ്റ്റ് ഉണ്ടായിരുന്നു . സെക്യൂർ കോപ്പിയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്

**ഗ്രാമസഭയുടെ അംഗീകാരം**

29/11/2019 ന് 9–ാം വാർഡ് ലിറ്റിൽ ഫ്ലവർ സൺഡെ സ്കൂൾ കമ്മന കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ വാർഡ് മെമ്പർ ജിൻസൺ ഉപ്പുംകര സ്വാഗതം പറഞ്ഞു.കഴിഞ്ഞ വർഷം തൊഴിലുറപ്പിൽ ഏറ്റവും കൂടുതൽ ദിവസം പണികൾ ചെയ്തവരിൽ ഒരാളായ ഷീന ബാലകൃഷ്ണൻ അധ്യക്ഷയായി.റിസോഴ്സ് പേഴ്സൺമാർ അവതരിപ്പിച്ച റിപ്പോർട്ട് ഗ്രാമസഭ സമഗ്രമായി ചർച്ച ചെയ്തു.

പങ്കെടുത്തവർ – വാർഡ് മെമ്പർ ജിൻസൺ ഉപ്പുംകര ,വില്ലേജ് റിസോഴ്സ് പേഴ്സൺമാർ, എം ജി എൻ ആർ ഇ ജി എസ് ഓവർസിയർ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺ,തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ, കർഷകർ

15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കാൻ ഉള്ള അവകാശത്തെ കുറിച്ച് ചർച്ചകൾ നടന്നപ്പോൾ തൊഴിൽ കാർഡ് എല്ലാവർക്കും ലഭിച്ചതായി തൊഴിലാളികൾ അറിയിച്ചു. എന്നാൽ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ തന്നെ എടുത്തു നൽകിയതായി തൊഴിലാളികൾ പറയുകയുണ്ടായി. പഞ്ചായത്തിലെ തകരായ ക്യാമറ ഉടൻ നവീകരിക്കനും ഫോട്ടോ സൗജന്യമായി എടുത്തു നല്കാൻ ഗ്രാമസഭ ആവശപ്പെട്ടു.ഇത് കൈയടിച്ച് അംഗീകരിച്ചു.

തൊഴിലിനുള്ള അപേക്ഷ പഞ്ചായത്തിൻറെ ഫ്രണ്ട് ഓഫീസിൽ നൽകി അതിൻറെ രസീത് കൈപ്പറ്റാറുണ്ടോ എന്ന് വില്ലേജ് റിസോഴ്സ് പേഴ്സൺ മൃദുല ചോദിച്ചു. എസ്റ്റിമേറ്റും എല്ലാം തയ്യാറായ ശേഷം സൈറ്റ് മീറ്റിംഗ് കൂടി എല്ലാരും ഒപ്പിട്ട ശേഷം അപേക്ഷ തയ്യാറാക്കി എം ജി എൻ ആർ ഇ ജി എസ് ഓഫീസിൽ ആണ് നൽകുന്നത് എന്ന് മേറ്റുമാരിൽ ഒരാളായ ബിൻസി പറയുകയുണ്ടായി. തുടർന്ന് തൊഴിലിനായുള്ള അപേക്ഷ ഫ്രണ്ട് ഓഫീസിൽ നൽകുവാനും കൈപ്പറ്റ് രസീത് വാങ്ങാനും ഗ്രാമ സഭ തീരുമാനിച്ചു.ഇത് കൂടാതെ നിശ്ചിത ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷ നൽകാനും നിശ്ചിത ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ല എങ്കിൽ നഷ്ട പരിഹാരത്തിന് രേഖാമൂലം പരാതി നൽകുവാനും ഗ്രാമ സഭ തീരുമാനിച്ചു. അയൽ സഭകൾ കൂടി കർഷകരെയും നാട്ടുകാരെയും ഉൾപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യാനും ഗ്രാമസഭയിൽ തീരുമാനിച്ചു. കൂടാതെ കാർഷിക കലണ്ടർ ഉണ്ടാക്കാൻ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ഹരിജ നിർദ്ദേശിച്ചു.

തുടർന്ന് തണൽ, കുടിവെള്ളം, പ്രാഥമിക ശുശ്രൂഷ കിറ്റ് എന്നിവ തൊഴിലെടുത്ത് ലഭിക്കുന്നുണ്ടോ എന്ന് വില്ലേജ് റിസോഴ്സ് പേഴ്സൺ മൃദുല ആരാഞ്ഞു. എന്നാൽ തങ്ങൾക്ക് കുടിവെള്ളം ഒഴികെ മറ്റൊന്നും ലഭിക്കുന്നില്ല എന്ന തൊഴിലാളികൾ എല്ലാവരും പറഞ്ഞു. ഫസ്റ്റ് എയ്ഡ് ബോക്സ് നിർബന്ധമായും തൊഴിലിടത്ത് ഉണ്ടാകണമെന്നും ഇത് പി. എച്ച്. സി വഴി നൽകാൻ ഭരണസമിതി ഇടപെട്ട് സൗകര്യം ചെയ്യണമെന്നും ഗ്രാമ സഭ തീരുമാനിച്ചു. അതുകൂടാതെ തൊഴിലാളികൾക്ക് തണൽ സൗകര്യത്തിന് പഞ്ചായത്ത് മുഖാന്തരം ഷീറ്റുകൾ നൽകാനും ഗ്രാമസഭ ആവശ്യപ്പെട്ടു.

തൊഴിൽ സ്ഥലത്ത് അപകടങ്ങൾ ഉണ്ടായാൽ ഉടൻ തന്നെ അവരെ ആശുപത്രിയിൽ എത്തിക്കണം ഇക്കാര്യം മേറ്റ് സയറ്റ് ഡയറിയിൽ രേഖപ്പെടുത്തണം. തുടർന്ന് അവരുടെ ചികിത്സാ ചെലവുകൾ സംബന്ധിച്ച ബില്ലുകൾ ഉൾപ്പെടുത്തി മേറ്റ് തൊഴിൽ സ്ഥലത്ത് ഉണ്ടായിരുന്ന തൊഴിലാളികളും സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ രേഖാമൂലം അപേക്ഷ നൽകണമെന്നും ബ്ലോക്ക് റിസോഴ്സ് പേഴ്സൺ

നിർദ്ദേശം നൽകി. തൊഴിലെടുത്ത് വെച്ച് അപകടം പറ്റിയ വസന്ത എന്ന തൊഴിലാളികൾ കൃത്യമായ നഷ്ടപരിഹാരം ലഭിച്ചെന്ന് പറയുകയുണ്ടായി. പരാതികൾ നൽകുന്നത് തങ്ങൾക്ക് അറിയില്ലെന്നും ഇനി പരാതികൾ നൽകുമെന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു. മേറ്റ്മാർ കൃത്യമായി അവർക്കുള്ള ട്രെയിനിങ്ങിൽ പങ്കെടുക്കണമെന്ന് ഗ്രാമസഭ നിർദ്ദേശിച്ചു.

തുടർന്ന് വാർഡിലെ വി എം സി അംഗങ്ങളെ കുറിച്ചുള്ള ചർച്ചകൾ നടന്നു. വി എം സി അംഗങ്ങൾ തൊഴിൽ സ്ഥലങ്ങളിൽ വരാറില്ലന്നും പരിശോധനകൾ നടത്താറില്ല എന്നും അവരുടെ ഒപ്പ് തങ്ങൾ അവരുടെ വീട്ടിൽ പോയാണ് ശേഖരിക്കുന്നത് എന്നും മേറ്റുമാർ പറയുകയുണ്ടായി.വി.എം സി അംഗങ്ങൾ നിർബന്ധമായും തൊഴിലിടങ്ങളിൽ പോകണമെന്നും കൃത്യമായി പ്രവൃത്തികൾ വിലയിരുത്തണമെന്നും ഗ്രാമസഭ നിർദ്ദേശിച്ചു.

തുടർന്ന് ഓഫീസിൽ സൂക്ഷിക്കേണ്ട ഫയലുകളുടെ പരിശോധനയും പ്രവർത്തി സ്ഥല പരിശോധനയും അടിസ്ഥാനമാക്കി വില്ലേജ് റിസോഴ്സ് പേഴ്സണിന്റെ കണ്ടെത്തലുകൾ ഗ്രാമസഭയിൽ നിഷാന്ത്,ജീഷ്മ എന്നിവർ ചർച്ചചെയ്തു. 22 രേഖകളിൽ പ്രധാനമായും സൂക്ഷിക്കേണ്ട പല രേഖകളും ഫയലുകളിൽ ഉണ്ടായിരുന്നില്ല. ഇത് കൃത്യമായി ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ് എന്ന് വില്ലേജ് റിസോഴ്സ് പേഴ്സൺമാർ നിർദ്ദേശിച്ചു. ഉദ്യോഗസ്ഥർ ഇക്കാര്യം അംഗീകരിച്ചു.

തുടർന്ന് പ്രവർത്തി പരിശോധനമായി ബന്ധപ്പെട്ട കണ്ടത്തെലുകൾ വില്ലേജ് റിസോഴ്സ് പേഴ്സൺ സന്ദീപ് ഗ്രാമസഭയിൽ അവതരിപ്പിച്ചു. എം ബുക്കിൽ കൃത്യമായി വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ഉള്ള പ്രവൃത്തികളിലെ അളവ് രേഖപ്പെടുത്താത് ഫീൽഡ് പരിശോധനയിൽ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കി.അതു കൂടാതെ എസ്റ്റിമേറ്റ് പ്രകാരം അല്ലാത്ത ഫാം ബടിംഗിനു പകരം തോട്ടം കിള നടത്തിയതും ഫിൽഡ് പരിശോധനയിൽ കാണാൻ കഴിഞ്ഞു. പദ്ധതി ആരംഭ മിറ്റിങ്ങ് കൃത്യമായി നടത്താനും എസ്റ്റിമേറ്റ് പറഞ്ഞ തൊഴിൽ തന്നെ തൊഴിലെടുത്ത് ചെയ്യുവാനും മേറ്റ് മാർക്കും തൊഴിലാളികൾക്കും ഓഫീസർമാർ കൃത്യമായ നിർദേശം നൽകണമെന്നും നിർദ്ദേശം നൽകി. തൊഴിലാളികൾക്ക് റോഡ് കോൺക്രീറ്റ് നടക്കുന്ന തൊഴിലിടങ്ങളിൽ തൊഴിൽ ചെയ്യാൻ ഷൂസ്, കൈയുറ ലഭിക്കുന്നില്ല. ഇത് പഞ്ചായത്ത് ഭരണസമിതി ഗൗരവമായി എടുത്ത് വേണ്ട സുരക്ഷാ ഉപകരണങ്ങൾ നൽകണമെന്ന് ഗ്രാമ സഭ ആവശ്യപ്പെട്ടു.

**നിർദ്ദേശങ്ങളും തീരുമാനങ്ങളും**

- തൊഴിൽ കാർഡ് എടുക്കുന്ന മുഴുവൻ പേർക്കും ഫോട്ടോ സഹിതം സൗജന്യമായി നൽകുക.
- എല്ലാ തൊഴിലാളികൾക്കും 100 ദിവസം തൊഴിൽ ലഭ്യമാകുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക.
- തൊഴിലിനുള്ള അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ നൽകി കൈപ്പറ്റ രസീത് വാങ്ങണം.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാത്ത തൊഴിലിടങ്ങളിൽ ഉടൻ സ്ഥാപിക്കുക.
- ഫ്രവൃത്തി ഫയലുകളിൽ 22 രേഖകൾ കൃത്യമായി സൂക്ഷിക്കുക.

- പദ്ധതി ആരംഭം മീറ്റിംഗ് കൃത്യമായി കർഷകരെയും ഗുണഭോക്താക്കളെയും തൊഴിലാളികളെയും സാങ്കേതിക വിദഗ്ധരെയും ഉൾപ്പെടുത്തി നടത്തണം

- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങളും കൃത്യമായി തൊഴിലിടങ്ങളിൽ സന്ദർശനം നടത്തുക. വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ പ്രവർത്തനം സജീവമാക്കാൻ തീരുമാനിച്ചു.
- ഉന്നതതല ഉദ്യോഗസ്ഥർ അവരെ ഏൽപ്പിച്ച ചുമതലകൾ കൃത്യമായി നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
- മസ്റ്ററോൾ സൈറ്റ് ഡയറി എന്നിവ കൃത്യമായി പൂരിപ്പിക്കുകയും തെറ്റ് വരാതെ സൂക്ഷിക്കുകയും വേണം.
- തൊഴിലാളികൾക്ക് വിദഗ്ധ അർദ്ധവിദഗ്ധ തൊഴിൽ ചെയ്യാനുള്ള പരിശീലനം നൽകണം.
- കാലാവസ്ഥയ്ക്ക് അനുയോജ്യമായി പ്രവർത്തികൾ ചെയ്യുവാൻ ആവശ്യപ്പെട്ടു.
- കാർഷികമേഖലയിലേക്ക് തൊഴിലുറപ്പ് പണി വ്യാപിക്കണം എന്ന് കർഷകർ ആവശ്യപ്പെട്ട

- രേഖാമൂലം പരാതികൾ എഴുതി നൽകുവാൻ തീരുമാനിച്ചു
- കർഷകരെയും സാങ്കേതിക വിദഗ്ധരെയും ഉൾപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു.
- മേറ്റ്മാർക്ക് പരിശീലനം നൽകുക മേറ്റ്മാർ കൃത്യമായി പങ്കെടുക്കുക.
- സുരക്ഷാ ഉപകരണങ്ങൾ, തൊഴിലിടങ്ങളിൽ ആത്യാവശ്യമായി വേണ്ട സൗകര്യങ്ങൾ (തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്) ലഭ്യമാക്കാൻ രേഖാമൂലം അപേക്ഷ നൽകാൻ തീരുമാനിച്ചു
- ജനകീയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ചു
- ട്രൈബൽ പ്ലസ് ആനുകൂല്യം ആവശ്യമുള്ളവർക്ക് നൽകാൻ തീരുമാനിച്ചു

തൊഴിലുറപ്പ് തൊഴിലാളിയും മേറ്റുമായ വിൻസി നന്ദി ആശംസിച്ചു. രാവിലെ 10. 30 ന് ആരംഭിച്ച ഗ്രാമസഭ ഉച്ചയ്ക്ക് ഒരുമണിക്ക് അവസാനിപ്പിച്ചു. അധ്യക്ഷ ഷീന ബാലകൃഷ്ണൻ ഗ്രാമസഭ പിരിച്ചുവിട്ടു.